## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1403      31-10-2019 -ൽ മറുപടിക്ക്

### അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രളയബാധിത വില്ലേജുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളെയാണ് പ്രളയബാധിതമായി പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ മഞ്ഞപ്ര, പാറക്കടവ്, അങ്കമാലി, മലയാറ്റൂർ, മറ്റൂർ എന്നീ വില്ലേജുകളെയാണ് പ്രളയബാധിതമായി പ്രാഖ്യാപിച്ചിട്ടുള്ളത്. |
| ബി) | അങ്കമാലി മണ്ഡലത്തിലെ പെരിയാറിന്റെ തീരത്തുള്ള കാലടി വില്ലേജിനെ പ്രളയബാധിത വില്ലേജായി പ്രഖ്യാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) & സി) | കാലടി വില്ലേജിലെ ദുരിത ബാധിതരെ മറ്റൂർ വില്ലേജിലുള്ള ക്യാമ്പുകളിലേക്കാണ് മാറ്റിയിരുന്നതെന്നും കണക്കെടുത്ത വേളയിൽ ക്യാമ്പുകൾ ഉള്ള വില്ലേജുകൾ മാത്രം നൽകിയതുമൂലം ഉണ്ടായ മനപൂർവ്വമല്ലാതെ സംഭവിച്ച പിശക് മൂലമാണ് കാലടി വില്ലേജിന്റെ പേര് ഉൾപ്പെടുത്തുവാൻ വിട്ടുപോയത്. എന്നിരുന്നാലും കാലടി വില്ലേജിൽ 4 അംഗ ടീമിന്റെ സർവ്വെ നടത്തിയിട്ടുള്ളതും ദുരിതാശ്വാസത്തിന് അർഹരായ കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ബഹു: മുഖ്യമന്ത്രിക്ക് 190901483 എന്ന ഡോക്കറ്റ് നമ്പരിൽ ബഹു: എം.എൽ.എ. നൽകിയ കത്ത് ആവശ്യമായ നടപടിയ്ക്കായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതും ജില്ലാ കളക്ടർ 30.09.2019-ലെ നം.G190901483/2019/EC നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണ്. |
| സി) | കാലടി വില്ലേജിനെ പ്രളയബാധിത വില്ലേജായി പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു. മുഖ്യമന്ത്രിക്ക് ഡോക്കറ്റ് നമ്പർ 190901483 ആയി എറണാകുളം ജില്ലാ കളക്ടർ നൽകിയ കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയാമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ